# സെന്റ് മേരീസ് ഹൈസ്കൂൾ
# പൊൻമുടി

| | | |
|---|---|---|
| ഉപജില്ല | : | അടിമാലി |
| വിദ്യാദ്യാസ ജില്ല | : | തൊടുപുഴ |
| വിദ്യദ്യാസ ഉപഡയറക്ടറേറ്റ് | : | തൊടുപുഴ |
| ജില്ല | : | ഇടുക്കി |
| ഗ്രാമപഞ്ചായത്ത് | : | കൊന്നത്തടി |
| ബ്ലോക്ക് | : | അടിമാലി |
| താലൂക്ക് | : | ഇടുക്കി |

## അക്കാദമിക മാസ്ററർ പ്ലാൻ

## 2025-26

അഡ്രസ്സ് : സെന്റ് മേരീസ് ഹൈസ്കൂൾ
പൊൻമുടി
കൊന്നത്തടിപി.ഒ.
പിൻ 685513
ഇടുക്കി ജില്ല

# ആമുഖം

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലാണ് സെൻ്റ് മേരീസ് HS സ്ഥിതിചെയ്യുന്നത്. പാഠ്യപാഠ്യേതര രംഗത്ത് ഇടുക്കി ജില്ലയിൽ മുൻനിരയിൽ നിൽക്കുന്ന സ്കൂളുകളിൽ ഒന്നാണിത്. SSLC പരീക്ഷയിൽ വർഷങ്ങളായി 100% വിജയം നേടുന്നു. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടുകയും ചെയ്യുന്നു. കുട്ടികളുടെ അവകാശമാണ് ഗുണമേൻമയുള്ള വിദ്യാഭ്യാസം. ഇത് അടിസ്ഥാനമാക്കി അക്കാദമിക രംഗത്തും കലാകായിക ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും മികവ് പുലർത്താൻ സ്കൂളിന് കഴിയുന്നു. എല്ലാ വിഭാഗക്കാരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ വ്യത്യസ്ത രീതിയിലുള്ള ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ രീതിയിൽ കൗൺസിലിംഗ് നടത്തിയും ഭവനസന്ദർശനങ്ങൾ നടത്തിയും പഠനത്തിന് സാഹചര്യമൊരുക്കുന്നു. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തുകയും എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുകയും ചെയ്യുന്നു. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന് PTA യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്തുവാൻ കഴിയുന്നു. പ്ലാസ്റ്റിക് വിമുക്തമായ ഹരിതഭംഗിയാർന്ന ഒരു കാമ്പസ് സ്കൂളിനെ കൂടുതൽ മനോഹരമാക്കുന്നു.

**അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - വികസന ലക്ഷ്യങ്ങൾ**

1 ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. സ്കൗട്ട് & ഗൈഡ്, JRC ഇവ വഴി കുട്ടികളുടെ കാര്യക്ഷമതയും സാമൂഹിക അവബോധവും വർദ്ധിപ്പിക്കുക.
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്
23 AI പോലുള്ള നൂതന സംവിധാനങ്ങളെക്കുറിച്ച് കുട്ടികളിൽ കൂടുതൽ ധാരണ ഉണ്ടാക്കുക.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ്/ തിയതി | ചുമതല |
|---|---|---|---|---|
| 1 | ദിനാചരണങ്ങൾ | 1 .പരിസ്ഥിതിദിനം<br>2. വായനാദിനം<br>3. ലഹരിവിരുദ്ധദിനം<br>4. ദേശീയഡോക്ടർ ദിനം<br>5. ലോകജനസംഖ്യാദിനം<br>6. ചാന്ദ്രദിനം<br>7. എ. പി. ജെ. അബ്ദുൾകലാം ചരമദിനം<br>8. ഹിരോഷിമ ദിനം<br>9. സ്വാതന്ത്ര്യദിനം<br>10. അധ്യാപകദിനം<br>11. ഓണം<br>12. ഹിന്ദി ദിനം<br>13. ഗാന്ധിജയന്തി<br>14. ശിശുദിനം<br>15. ദേശീയഗണിതദിനം<br>16. ക്രിസ്തുമസ്<br>17. ന്യൂ ഇയർ | ജൂൺ 5<br>ജൂൺ 19<br>ജൂൺ 26<br>ജൂലൈ 1<br>ജൂലൈ 11<br>ജൂലൈ 21<br>ജൂലൈ 27<br>ആഗസ്റ്റ് 6<br>ആഗസ്റ്റ് 15<br>സെപ്റ്റംബർ 5<br>സെപ്റ്റംബർ 13<br>സെപ്റ്റംബർ 14<br>ഒക്ടോബർ 2<br>നവംബർ 14<br>ഡിസംബർ 22<br>ഡിസംബർ 25 | റീജ അഗസ്റ്റിൻ<br>സിജി സേവ്യർ<br>ബിനോയി<br>ജോയിസി ജേക്കബ്<br>ജൂലി എം മാത്യു<br>ബിനോയി<br>റീജ അഗസ്റ്റിൻ<br>റീജ അഗസ്റ്റിൻ<br>ബിനോയി<br>ജോയിസി ജേക്കബ്<br>സിജി സേവ്യർ<br>സിജി സേവ്യർ<br>ജോയിസി ജേക്കബ്<br>ബിനോയി<br>ബിനോയി<br>ജൂലി എം മാത്യു<br>ജൂലി എം മാത്യു |

| | | | | |
|---|---|---|---|---|
| | | 18. റിപ്പബ്ലിക് ഡേ<br>19. മാതൃഭാഷാദിനം<br>20. ഗണിതശാസ്ത്രദിനം | ജനുവരി 1<br>ജനുവരി 26<br>ഫെബ്രുവരി 21<br>ഫെബ്രുവരി28 | ജോയിസി ജേക്കബ്<br>ബിനോയി<br>സിജി സേവ്യർ<br>ജൂലി എം മാത്യു |
| 2 | **ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ** | 1.ക്ലാസ്സ് മുറികൾ പ്രവർത്തന യോഗ്യമാക്കുക<br>2.പാചകപ്പുര പ്രവർത്തന യോഗ്യമാക്കുക<br>3.പൂന്തോട്ടനിർമ്മാണം, പരിപാലനം<br>4.പച്ചക്കറിത്തോട് നിർമ്മാണം<br>5.സ്കൂൾ യൂണിഫോം നവീകരണം<br>6.സ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്തി കായിക പരിശീലനത്തിന് അവസരമൊരുക്കുക<br>7.പാഠ്യേതര ഇനങ്ങളുടെ പരിശീലനത്തിന് പ്രത്യേക സംവിധാനം | മെയ് 2025<br>ജൂൺ 2025<br>ജൂൺ, ജൂലൈ<br>എല്ലാ വെള്ളിയാഴ്ചയും ഒരു പീരിയഡ്<br>ജൂൺ<br>മെയ്, ജൂൺ- ഡിസംബർ<br>ആഗസ്റ്റ് | മാനേജർ<br>ഹെഡ് മാസ്റ്റർ<br>സിജി സേവ്യർ<br>ബിനോയി<br>PTA മെമ്പേഴ്സ് |

| | | | | |
|---|---|---|---|---|
| 3. | **Learning Assessment** | 1.Unit Test<br>2.Monthly Evaluation<br><br>3. First Mid Term<br><br>4. First Term<br>5. Second Mid Term<br>6. Second Term<br>7. SSLC Pre Model<br>8. SSLC Model<br>9.Annual Examination | Each Week<br>Last week of every month<br>July 14-18<br><br>Aug 21-29<br>Oct. 13-17<br>Dec 15-23<br>Jan 5-9<br>Feb . 9-13<br>February-March | Julie M Mathew<br>Siji Xavier<br>Binoy |
| 4 | Arts | Training<br><br>School Arts Festival | June16 – Aug22<br><br>Aug. 23 | Reeja Augustine,<br>Joicy Jacob |
| 5. | Sports | Training<br><br>School Sports Day | June 16- Oct. 10<br><br>October 17 | Siji Xavier,<br>Binoy |

# അക്കാദമികമാസ്റ്റർ പ്ലാൻ 2025-26 പദ്ധതി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ

ദേശീയ- അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനായുള്ള ശേഷികളും, ശാസ്ത്രം, ഗണിതശാസ്ത്രം, ഭാഷാശേഷികൾ

എന്നിവ അടിസ്ഥാനപ്പെടുത്തി ജൂൺ മുതൽ മാർച്ച് വരെയുള്ള അക്കാദമിക വർഷത്തിൽ പഠന- ബോധന

പ്രവർത്തനങ്ങളിലൂടെ പോതു വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടിയെടുക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഓരോ വിദ്യാർത്ഥിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് വ്യക്തിപരമായ കഴിവും മികവുകളും പരമാവധി പോഷിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം. സങ്കേതങ്ങളുടെയും സമ്പ്രദായങ്ങളുടെയും സമന്വയത്തിലൂടെ സാമൂഹിക ബോധമുള്ള പൗരരും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുക എന്ന ലക്ഷ്യമാണ്

പദ്ധതി ആസൂത്രണം ചെയ്യുന്നത്.

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യമാക്കുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിനായി പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ തെരഞ്ഞെടുത്ത് അധിക പരിശീലനം നൽകുന്നു. കുട്ടികൾ തയ്യാറാക്കുന്ന പതിപ്പുകൾ, മാഗസിനുകൾ പഠന പ്രവർത്തനങ്ങൾ
തുടങ്ങിയവ പ്രദർശിഷിക്കുവാനുള്ള അവസരം നൽകുന്നു. പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നടത്തുന്നതിനാൽ അവരെ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുന്നു.സ്കൂൾ അസംബ്ലിയിൽ അവർക്കുള്ള അംഗീകാരം നൽകുന്നു.

- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. എട്ടാം ക്ലാസുമുതൽ 10 വാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ലഭിക്കേണ്ട അടിസ്ഥാന അറിവ് ലഭിച്ചുവെന്ന് ഉറവുവരുത്തുന്നു. പ്രത്യേക പഠനപിന്തുണയും സഹായങ്ങളും ആവശ്യമായ കുട്ടികൾക്ക് ആവശ്യമായ പരിഹാര ബോധനം നൽകുന്നു. മൾടിമീഡിയ ഉപയോഗിച്ച് പഠനപ്രക്രിയ രസകരമാക്കുന്നു.

- വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്കു പുറമെ കല, കായിക, പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. ക്ലാസ് റും അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് പ്രതിമാസ

കലണ്ടർ തയ്യാറാക്കി ദിനാചരണങ്ങൾ, കലാകായിക, പ്രവർത്തിപരിചയ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നു. സ്കൂൾ അസംബ്ലിയിൽ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

- വിദ്യാലയത്തിലെ പഠനപിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ കുട്ടികൾക്കും ലൈബ്രറി വിവിധ വിഷയങ്ങൾ അടിസ്ഥാനമാക്കി സ്കൂൾ ക്വിസ്  എല്ലാ ദിവസങ്ങളിലും പരിശീലിപ്പിക്കുന്നു.
- ICT സാധ്യത പ്രയോജനപ്പെടുത്തി പഠനം രസകരമാക്കുന്നു. ക്ലാസ്റൂം ലൈബ്രറി നിർമ്മിക്കുന്നു. ലബോറട്ടറി പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ശാസ്ത്രകൗതുകം വളർത്തിയെടുക്കുന്നു. ശാസ്ത്രസാങ്കേതിക ഉപകരണങ്ങൾ നിർമിക്കുവാൻപ്രോത്സാഹിപ്പിക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പാഠ്യപാഠ്യേതര വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകി പഠന സഹായവും, പഠനപിന്തുണയും നൽകുന്നു.

- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ,ഉദ്യാനം, മൈതാനം...) എന്നിവ വിദ്യാർത്ഥി സഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികൾക്കൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു. വിഷരഹിതവും പോഷകസമ്പുഷ്ടവുമായ ജൈവപച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ പി.ടി.എ കമ്മിറ്റിയുടെ സഹകരണത്തോടെ ജൈവപച്ചക്കറിത്തോട്ടം നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നു. സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയാങ്കണത്തിൽ രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. വിദ്യാലയാങ്കണത്തിൽ ശലഭോദ്യാനം നിർ മിക്കുന്നു. SCOUT &GUIDE, JRC എന്നീസംഘടകളുടെയും വിവിധ ക്ലബ്ബുകളുടെയും പ്രവർത്തനം ഊർജ്ജിതമാക്കുന്നു.

- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടലാക്കുകയുംചെയ്യുന്നു. മൾട്ടി മീഡിയ ഉപയോഗിച്ച് പഠനം ആസ്വാദ്യകരമാക്കുന്നു  ആഴ്ചയിലും മാസത്തിലും നിരന്തരമൂല്യ നിർണ്ണയം നടത്തി നിർദ്ദിഷ്ട പഠന നേട്ടം എല്ലാ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നു. കുട്ടികളുടെ മികവുകളും കുറവുകളും കുട്ടിയേയും രക്ഷാകർത്താക്കളെയും ബോധ്യപ്പെടുത്തുന്നു. പഠനാനുഭവങ്ങൾ, മികവുകൾ എന്നിവ ക്ലാസ്സ് പി.ടി.എയുടെ ഭാഗമാക്കുന്നു.

- വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള പരസ്പര ബന്ധവും, സമൂഹവുമായുള്ള ബന്ധവും, ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് കൗൺസിലിംഗ്, മോട്ടിവേഷൻ ക്ലാസുകൾ എന്നിവ നൽകുന്നു. പി.ടി.എ. യുടെ സഹകരണത്തോടെ സ്കൂളിന് പ്രാദേശിക ഫണ്ട് ലഭിക്കുന്നതിനുള്ള സൗകര്യം ആശയവിനിമയത്തിലൂടെ സാധ്യമാക്കുന്നു. വിവിധ വകുപ്പുകൾ, ഏജൻസികൾ,

സംഘടനകൾ ക്ലബ്ബുകൾ, മുതലായവരുടെ സഹായസഹകരണത്തോടെ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുന്നു. പൊതു പി.ടി.എ. ഭവനസന്ദർശനം എന്നീ പ്രവർത്തനങ്ങളിലൂടെ വദ്യാർത്ഥി അധ്യാപക- രക്ഷാകർതൃബന്ധം സുദൃഡമാക്കുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. പഠന ബോധന പ്രവർത്തനങ്ങളിൽ സാമൂഹിക - സാമ്പത്തിക സാംസ്കാരിക വ്യത്യാസങ്ങളില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്ന രീതിയിൽവിദ്യാകിരണം പദ്ധതിയിലൂടെ വിഷ്വൽ, ഓഡിറ്ററി, കൈനസ്റ്റെറ്റിക് അനുഭവങ്ങൾ പകരുന്ന ഒരു പഠനരീതിയാണ് ആസൂത്രണം ചെയ്യുന്നത്. കുട്ടികൾക്ക് ആത്മവിശ്വാസം വളർ ത്തുന്നതിനായി മൈക്രോടിച്ചറിംഗ് ഏർപ്പെടുത്തുന്നു.

- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസംസാധ്യമാക്കുന്ന തരത്തിൽ വിദ്യാലയം സജ്ജമാക്കുന്നു. **DEO,AEO,BRC** തുടങ്ങിയ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന വിദ്യാഭ്യാസ പദ്ധതികൾ പൂർത്തീകരിക്കുന്നു. കുട്ടികളുടെ പഠനപിന്നോക്കാവസ്ഥയ്ക്ക് കാരണം കണ്ടെത്തി ഇടവേള സമയങ്ങൾ കണ്ടെത്തിവിഷയാടിസ്ഥാനത്തിൽ മൈക്രോടിച്ചറിംഗ് നൽകുന്നു. ചിട്ടയായ ടൈംടേബിൾ നൽകി നിരന്തര വിലയിരുത്തലുകൾ നടത്തി ഓൺലൈൻ, ഓഫ്‌ലൈൻ ക്ലാസുകളിലൂടെ പഠനപുരോഗതി കൈവരിക്കുന്നു. അധ്യാപകർ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് സംരക്ഷണവും ശ്രദ്ധയും ആത്മവിശ്വാസവും ഉറപ്പുവരുത്തുന്നു. പൊതുവായ അച്ചടക്കം നിലനിർത്തുന്നതിനായി കൃത്യമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു. അച്ചടക്കരഹിതമായ രീതികൾ ഉണ്ടായാൽ മാതാപിതാക്കളെ അറിയിച്ച് നല്ല പെരുമാറ്റ ശീലത്തെക്കുറിച്ച് ബോധ്യം നൽകുന്നു. ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും അസംബ്ലി, ഡ്രൈഡേ, ആർട്സ് ഡേ, ലൈബ്രറി റീഡിംഗ് എന്നിവ പരിശീലിപ്പിക്കുന്നു.

# പ്രശ്നങ്ങളും അവയുടെ കാരണങ്ങളും

നേട്ടങ്ങളുടെ പട്ടികയിൽ വിദ്യാലയം മുൻനിരയിലാണെങ്കിലും പരിഹരിക്കപ്പെടേണ്ട ചില പരിമിതികളുണ്ട്. കായിക രംഗത്ത് പുരോഗതി പ്രാപിക്കുന്നതിനായുള്ള പരിശീലനം നടത്തുന്നതിന് കളിസ്ഥലം അനിവാര്യമാണ്. വിനോദത്തിനായി ഒരു ചിൽഡ്രൻസ് പാർക്ക് വിദ്യാലയം ആഗ്രഹിക്കുന്നു. കൂടുതൽ സൗകര്യങ്ങളോടു കൂടിയ ലൈബ്രറിയും ടോയ്‌ലറ്റ് സംവിധാനങ്ങളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പിന്നോക്ക പ്രദേശമായതിനാൽ ഫണ്ടുകളുടെ അപര്യാപ്തതമൂലം അക്കാദമികവും ഭൗതീകവുമായ മേഖലകളിൽ ആവശ്യമായ ആധുനിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയാതെ വന്നിരിക്കുന്നു. ഗവൺ

മെന്റ് തലത്തിൽ നിന്നും അനുകൂലമായ നടപടികൾ ഉണ്ടായാൽ ഈ പരിമിതികളെ മറികടക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.

സ്കൂൾ തലത്തിൽ നടത്തപ്പെട്ട അടിസ്ഥാന അറിവ് പരിശോധന ഫലത്തിന്റെ കണ്ടെത്തലിൽ ഓരോ വിദ്യാർത്ഥിയും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പിന്നോക്കം നിൽക്കുന്നതായി കണ്ടെത്തി. ഈ പ്രതിസന്ധി മറികടക്കാൻ നിരവധി പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തി. ഒരു ഉൾപ്രദേശമാണ് പൊൻമുടി. യാത്രാസൗകര്യം കുറഞ്ഞ സ്ഥലമാണിത്. ഭവനരഹിതരും, സാമ്പത്തിക പിന്നോക്കം നിൽക്കുന്നവരുമാണ് പ്രദേശവാസികൾ. മാതാപിതാക്കളുടെ ലഹരി ഉപയോഗം, രക്ഷിതാക്കളുടെ നിരക്ഷര അവസ്ഥ, മാതാപിതാക്കൾ വേർപിരിഞ്ഞ കുടുംബാന്തരീക്ഷം, ലഹരിവസ്തുക്കളുടെ ലഭ്യത, ചികിത്സ സൗകര്യങ്ങളുടെ കുറവ്, രക്ഷിതാക്കളുടെ അമിത ശിക്ഷയും, വാത്സല്യവും, എന്നിവ പ്രധാന പ്രതിസന്ധികളാകുന്നു. 95% കുട്ടികളും മലയാളം ഭാഷാരീതി അക്ഷരജ്ഞാനം ഉള്ളവരാണ് എന്നാൽ ഉച്ചാരണവൈകല്യങ്ങളുള്ള കുട്ടികൾ ധാരാളമുണ്ട്

# പ്രശ്നങ്ങൾ മുൻഗണനാ ക്രമത്തിൽ

1. 20 % കുട്ടികളും അടിസ്ഥാനശേഷി പഠനപ്രക്രീയയിൽ പിന്നോക്കം നിൽക്കുന്നു.
2. 70% കുട്ടികൾക്കും വ്യക്തമായ പഠനരീതിയോ, ചിട്ടയായ പഠനക്രമമോ ഇല്ല.
3. മാതാപിതാക്കൾക്ക് കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുന്നില്ല.

4. 80% കുട്ടികളും മൊബൈൽ, ടി.വി. എന്നി ഉപകരണങ്ങൾ വിനോദങ്ങൾക്കായി ഉപയോഗിക്കുന്നു.

5. കൗമാര പ്രശ്നങ്ങൾ, മോശമായ കൂട്ടുകാർ, കെട്ടുറപ്പില്ലാത്ത കുടുംബപശ്ചാത്തലം, മാതാപിതാക്കളുടെ വഴക്ക് എന്നിവ കുട്ടികളുടെ പഠനസാഹചര്യങ്ങളെ ഏറെ തടസപ്പെടുത്തുന്നു.

6. 10% കുട്ടികളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരാണ്.

7. മാതാപിതാക്കൾ നിർദ്ദേശിക്കുന്ന ധാർമിക മൂല്യങ്ങൾ കുട്ടികൾ അനുസരിക്കുന്നില്ല.

# പ്രവർത്തന കലണ്ടർ

## ജൂൺ 2025

**02.06.2025 -** പ്രവേശനോത്സവം, അസംബ്ലി, ടൈംറ്റേബിൾ **2025-26**

**05.06.2025 -** ലോക പരിസ്ഥിതിദിനം പ്രവർത്തനങ്ങൾ, അസംബ്ലി, **SRG** മീറ്റിംഗ്

**12.06.2025-** അസംബ്ലി, **SRG** മീറ്റിംഗ്, സ്റ്റാഫ് കൺസിൽ,ലോക ബാലവേല വിരുദ്ധ ദിനം

**14.06.2025 -** ലോക രക്തദാനദിന പ്രവർത്തനങ്ങൾ

**19.06.2025 -** വായനാദിനമാസാചരണം പ്രവർത്തനങ്ങൾ, അസംബ്ലി, **SRG** മീറ്റിംഗ്

**20.06.2025-** ലോക യോഗാദിനം പ്രവർത്തനങ്ങൾ, അസംബ്ലി

**23.06.2025-** പി.ടി.എ. പൊതുയോഗം, വിദ്യാരംഗം കലാസാഹിത്യവേദി , വിവിധ ക്ലബ്ബുകൾ ഉദ്ഘാടനം, **Merit Day**

**26.06.2025 -** അസംബ്ലി, ലോക ലഹരിവിരുദ്ധദിനം പ്രവർത്തനങ്ങൾ, **SRG** മീറ്റിംഗ്

**27.06.2025 -** പച്ചക്കറി കൃഷി പരിപാലനം

**30.06.2025 –** മാസപ്പരീക്ഷ

## ജൂലൈ 2025

**01.07.2025 -** ഡോക്ടേഴ്സ് ഡേ ദിനാചരണം- പ്രവർത്തനങ്ങൾ, വിവിധ ക്ലബ് പ്രവർത്തനങ്ങൾ

**04.07.2025 -** അസംബ്ലി, **SRG** മീറ്റിംഗ്, **Staff Council,Monthly Test-Evaluation**

**07.07.2025 -** വൈക്കം മുഹമദ്ബഷീർ ദിനാചരണം പ്രവർത്തനങ്ങൾ, കാർഷിക ക്ലബ് പ്രവർത്തനങ്ങൾ

**10.07.2025 -** അസംബ്ലി, **SRG** മീറ്റിംഗ്

**11.07.2025 -** ലോക ജനസംഖ്യദിനം - ബോധവൽക്കരണം

**18.07.2025 -** അസംബ്ലി, **SRG** മീറ്റിംഗ്,**First Mid Term Evaluation,Staff council**

**21.07.2025 -** ചാന്ദ്രദിനം- പ്രവർത്തനങ്ങൾ,

**25.07.2025-** അസംബ്ലി, **SRG** മീറ്റിംഗ്

**28.07.2025 - APJ** അബ്ദുൽ കലാം ഓർമ്മദിനം- പ്രവർത്തനങ്ങൾ

**28.07.2025 -** ലോക പ്രകൃതി സംരക്ഷണദിനം - ജൈവവൈവിധ്യ ക്ലബ് പ്രവർത്തനങ്ങൾ

**31.07.2025 -Monthly test**

## ആഗസ്റ്റ് 2025

**01.08.2025 _** അസംബ്ലി, **SRG** മീറ്റിംഗ്

**06.08.2025** ഹിരോഷിമദിനം പ്രവർത്തനങ്ങൾ

**07.08.2025** അസംബ്ലി, **SRG** മീറ്റിംഗ്, **Monthly Test Evaluation**

**14.08.2025_** അസംബ്ലി, **SRG** മീറ്റിംഗ്

**15.08.2025 -** അസംബ്ലി, ഇൻഡിപെൻഡൻസ് ഡേ പ്രവർത്തനങ്ങൾ

**20.08.2025 – First Term Evaluation,** കർഷക ദിനം പ്രവർത്തനങ്ങൾ

**21.08.2025 -** അസംബ്ലി, **SRG** മീറ്റിംഗ്, **Staff Council**

## സെപ്റ്റംബർ 2025

**08.09.2025 -** ഓണാവധിക്കുശേഷം സ്കൂൾ തുറക്കുന്നു, അസംബ്ലി, **SRG** മീറ്റിംഗ്, വിവിധ ക്ലബ് പ്രവർത്തനങ്ങൾ

**05.09.2025 -** അധ്യാപകദിനം

**08.09.2025-** ലോക സാക്ഷരതാ ദിനം

**11.09.2025 – First term Evaluation** ചർച്ച, അസംബ്ലി, **SRG** മീറ്റിംഗ്, ശാസ്ത്ര, കായിക,കലാ, ഐ റ്റി,പ്രവർത്തിപരിചയ മേളകൾ

**15.09.2025 -** ദേശീയ ഹിന്ദി ദിനം - പ്രവർത്തനങ്ങൾ

**6.09.2025 -** ഓസോൺ ദിനാചരണം പ്രവർത്തനങ്ങൾ

**18.09.2025 -** അസംബ്ലി, **SRG** മീറ്റിംഗ്, **Staff Council**

**25.09.2025 -** അസംബ്ലി, **SRG** മീറ്റിംഗ്

**29.09.2025 -** മാസപരീക്ഷ

## ഒക്ടോബർ 2025

**02.10.2025 -** ഗാന്ധിജയന്തി ദിനാചരണം പ്രവർത്തനങ്ങൾ

**03.10.2025 -** അസംബ്ലി, **SRG** മീറ്റിംഗ്, **Staff Council,** വിവിധ ക്ലബ് പ്രവർത്തനങ്ങൾ, **Monthly Test Evaluation**

**09.10.2025 -** ലോക തപാൽ ദിനം

**10.10.2025 -** അസംബ്ലി, **SRG** മീറ്റിംഗ്, **Second Mid Term Examination**

**13.10.2025 -** ലോക കായിക ദിനം

**17.10.2025-** അസംബ്ലി, **SRG** മീറ്റിംഗ്, **Staff Council , Second Mid Term Evaluation,**വിവിധ മേളകൾ പരിശീലനം,

**24.10.2025 -** അസംബ്ലി, **SRG** മീറ്റിംഗ്, ഐക്യരാഷ്ട്രദിനം- ബോധവൽക്കരണം

**30.10.2025 –** മാസപരീക്ഷ

## നവംബർ 2025

**01.11.2025 -** കേരളപ്പിറവിദിനാഘോഷം,

**03.11.2025 -** **SRG** മീറ്റിംഗ്, **Staff Council,**വിവിധ ക്ലബുകൾ, സംഘടന പ്രവർത്തനങ്ങൾ, **Monthly Test Evaluation**

**07.11.2025 -** അസംബ്ലി, ശാസ്ത്രമേള പരിശീലനങ്ങൾ, സി.വി. രാമൻ ദിനം, സ്കൗട്സ് $ഗൈഡ്സ് സ്ഥാപകദിനം- പ്രവർത്തനങ്ങൾ

**11.11.2025 -** ദേശീയ വിദ്യാദ്യാസദിനം- ബോധവൽക്കരണം

**14.11.2025 -** അസംബ്ലി, ശിശുദിനാഘോഷം, **SRG** മീറ്റിംഗ്, **Staff Council**

**21.11.2025 -** അസംബ്ലി, **SRG** മീറ്റിംഗ്

**28.11.2025 -** അസംബ്ലി, **SRG** മീറ്റിംഗ്

**29.11.2025 -** മാസപരീക്ഷ

## ഡിസംബർ 2025

**01.12.2025 -** അസംബ്ലി, ലോക എയ്ഡ്സ് ദിന ബോധവൽക്കരണം, **Monthly Test Evaluation**

**03.12.2025 -** ലോക ഭിന്നശേഷി ദിനം - പ്രവർത്തനങ്ങൾ

**04.12.2025 -** **SRG** മീറ്റിംഗ്,**Staff Council,** വിവിധ ക്ലബുകൾ, സംഘടന പ്രവർത്തനങ്ങൾ

10.12.2025 - മനുഷ്യാവകാശ ദിനം - പ്രവർത്തനങ്ങൾ

11.12.2025 - അസംബ്ലി, SRG മീറ്റിംഗ്

12.12.2025 - ദേശീയ ഊർജ്ജസംരക്ഷണ ദിനം, രണ്ടാം ടേം പരീക്ഷാ 2025

18.12.2025 - അസംബ്ലി, SRG മീറ്റിംഗ്, Staff Council

19.12.2025 - രണ്ടാം ടേം പരീക്ഷ അവസാനിക്കുന്നു. ക്രിസ്തുമസ് ആഘോഷം - ചർച്ച

20.12.2025 - ദേശീയ ഗണിതദിനം- ബോധവൽക്കരണം, ക്രിസ്തുമസ് അവധി

9.12.2025 - ക്രിസ്തുമസ് അവധിക്കുശേഷം സ്കൂൾ തുറക്കൽ

# ഇംഗ്ലീഷ്

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ്, മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന പിൻതുണ നൽകുന്നു. | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. HM | ജൂൺ | കുട്ടികൾ ഇംഗ്ലീഷ് ഭാഷ ഭലപ്രദമായി ഉപയോഗി ക്കാനുള്ള ശേഷി വികസിപ്പിക്കുന്നു. |
| 2 | പഠന പരിമിതികൾ പരിഹരിക്കുന്നതിനാവശ്യ മായ പ്രവർത്തന പാക്കേജ് ശേഖരിക്കൽ, തയ്യാറാക്കൽ. വായനാ മത്സരം,ഗ്രാമർ ക്ലാസുകൾ | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. HM | ജൂലൈ | കളികളിലൂടെ കുട്ടി കൾ അക്ഷരം ഉറപ്പി ക്കുന്നു. |
| 3 | പകർത്തിയെഴുത്ത്, പത്രവായന, കേട്ടെഴുത്ത് പഠനവിടവ് പരിഹരിക്കൽ, ഇംഗ്ലീഷ് അസംബ്ലി, ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. HM | ആഗസ്റ്റ് | ഇംഗ്ലീഷ് ഭാഷാ പ്രയോഗത്തിന്റെ അന ന്തസാധ്യതകൾ തിരിച്ച റിയുന്നു. സോഷ്യൽ മീഡിയ യിൽ ക്ലബ് ആക്ടിവിറ്റി പോസ്റ്റ് ചെയുന്നു. |
| 4 | പുസ്തക ശാല- ലൈബ്രറി പുസ്തകങ്ങൾ കഥ, കവിത, നാടകം, സിനിമ, ഉപന്യാസം എന്നിവ രചിക്കുന്നു | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. HM | ജൂലൈ-ഫെബ്രുവരി | ലൈബ്രറി |

| | | | | |
|---|---|---|---|---|
| 5 | സാഹിത്യ ശില്പശാല - കഥയരങ്ങ് കവിതയരങ്ങ് - നാടക പരിശീലനം പ്രസംഗ പരിശീലനം - വായനാമുറി | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. HM | ജൂലൈ-ഫെബ്രുവരി | സർഗ്ഗാത്മക സൃഷ്ടി കൾ, കഴിവുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. |
| 6 | കൈയ്യെഴുത്തു മാസിക, ആസ്വാദനക്കുറിപ്പ്, പതിപ്പുകൾ, കഥാപാത്രനിരൂപണം, സംവാദം ജീവചരിത്രക്കുറിപ്പ് എന്നിവ വിലയിരുത്തൽ. | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. | ജൂൺ-ഫെബ്രുവരി | ഇംഗ്ലീഷ് ഭാഷയിലെ വാക്യപ്ര യോഗങ്ങൾ, ചമൽകാര ഭംഗി എന്നിവ കണ്ടെത്തുന്ന പ്രയോഗിക്കുന്നു, പ്രതിഭകളെ കണ്ടെത്തുന്നു. ഭാഷാ ശേഷി വികസിപ്പിക്കുന്നു |
| 7 | മൂല്യനിർണ്ണയങ്ങൾ - മാസപ്പരീക്ഷ, മിഡ്-ടേം പരീക്ഷ, ഒന്നാം ടേം പരീക്ഷ, രണ്ടാം മിഡ്-ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ, വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. PTA | ജൂൺ-മാർച്ച് | പരീക്ഷ പരിശീലന ങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |
| 8 | ചുവർ പത്രിക, വായനാ കാർഡ്, കൊളാഷ്, സ്കൂൾ പത്രം എന്നിവ തയ്യാറാക്കുന്നു. | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. PTA | ജൂൺ-മാർച്ച് | കുട്ടികളുടെ വിവിധ രചനകളിലൂടെ, വിവിധ സൃഷ്ടി കൾ പ്രദർശിപ്പിക്കുന്നു, പ്രതിഭകളെ വളർത്തിയെടു ക്കുന്നു. |
| 9 | സ്കൂൾ ബ്ലോഗിലൂടെ വിവിധ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു | ഇംഗ്ലീഷ് അധ്യാപകൻ ബി ആർ സി. PTA | ജൂൺ-മാർച്ച് | കുട്ടികളുട രചനകൾ സ്കൂൾ ബ്ലോഗിലൂടെ പ്രസിദ്ധീകരിക്കുന്നു. ക്രീയേറ്റീവ് ആയ എഴുത്തുകൾ പ്രോത്സാഹിപ്പിക്കുന്നു. |

# ഹിന്ദി

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | കഥാവായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ഹിന്ദി അധ്യാപിക | ജൂൺ മുതൽ ജൂലൈ വരെ | രാഷ്ട്രീയ ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക |
| 2 | ഹിന്ദി അസംബ്ലി, ഹിന്ദി ഡയറി,ഹിന്ദി ക്ലാസ്സിൽ പരമാവധി ഹിന്ദി ഭാഷ സംസാരിക്കുക, ഹിന്ദി സിനിമകൾ കാണിക്കുക | ഹിന്ദി അധ്യാപിക | ജൂലൈ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി ഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക |
| 3 | കുട്ടികളെ കൊണ്ട് കഥ കവിത ഉപന്യാസം യാത്ര വിവരണം എന്നിവ തയ്യാറാക്കുക | ഹിന്ദി അധ്യാപിക | ജൂലൈ മുതൽ സെപ്റ്റംബർ വരെ. | ഹിന്ദി ഭാഷ ഫലപ്രദമായ എഴുതാനുള്ള ക്ഷമത വർദ്ധിപ്പിക്കുക |
| 4 | ക്ലാസ് ടെസ്റ്റ് നടത്തുക മാർക്ക് വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുക. ICT സാധ്യത പ്രയോജനപ്പെടുത്തുക. ക്ലാസ് പിടിഎ നടത്തുക. | ഹിന്ദി അധ്യാപിക, മാതാപിതാക്കൾ | ജൂൺ മുതൽ മാർച്ച് വരെ | പഠന പ്രശ്നങ്ങൾ പരിഹരിക്കുക |

# മലയാളം

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | പഠനനില കണ്ടെത്തൽ, പ്രീ ടെസ്റ്റ്, മാർക്ക് വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പഠന പിൻതുണ നൽകുന്നു. | മലയാള അധ്യാപിക BRC | ജൂൺ | കുട്ടികളിൽ മലയാളഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വികസിപ്പിക്കുന്നു |
| 2 | പഠന പരിമിതികൾ പരിഹരിക്കുന്നതിനാവ മായ പ്രവർത്തന പാക്കേജ് ശേഖരിക്കൽ, തയ്യാറാക്കൽ വായനാ മത്സരം, "എൻറെ മലയാളം" പദ്ധതി. | മലയാള അധ്യാപിക BRC ,എച്ച് എം | ജൂലൈ | കളികളിലൂടെ കുട്ടികൾ അക്ഷരം ഉറപ്പിക്കുന്നു |
| 3 | പകർത്തിയെഴുത്ത് പത്രവായന കേട്ടെഴുത്ത് പഠന വിടവ് പരിഹരിക്കൽ | മലയാള അധ്യാപിക BRC | ആഗസ്റ്റ് | മലയാളഭാഷ പ്രയോഗത്തിന്റെ അനന്ത സാധ്യതകൾ  തിരിച്ചറിയുന്നു |
| 4 | പുസ്തകശാല,കഥ, കവിത, നാടകം, സിനിമ, ഉപന്യാസം എന്നിവ രചിക്കുന്നു. | മലയാള അധ്യാപിക BRC, എച്ച് എം | ജൂലൈ ഫെബ്രുവരി | സജജീക രണങ്ങളോടു കൂടിയ ലൈബ്രറി |

| | | | | |
|---|---|---|---|---|
| 5 | സാഹിത്യ ശില്പശാല കഥയരങ്ങ് കവിതയറിങ്ങ് നാടക പരിശീലനം പ്രസംഗ പരിശീലനം വായനാമുറി ക്ലബ്ബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ | അധ്യാപിക BRC, എച്ച് എം, വിദ്യാരംഗം കോഡിനേറ്റർ | ജൂലൈ ഫെബ്രുവരി | സർഗാത്മക സൃഷ്ടികൾ കഴിവുകൾ എന്നിവ പ്രദർശിപ്പിക്കുന്നു |
| 6 | കൈയ്യെഴുത്തു മാസിക, ആസ്വാദനക്കുറിപ്പ്, പതിപ്പുകൾ, കഥാപാത്രവിശ്രുപണം, സാദ ജീവചരിത്ര കുറിപ്പ് എന്നിവ വിലയിരുത്തൽ | മലയാള അധ്യാപിക BRC | ജൂൺ ഫെബ്രുവരി | മലയാളഭാഷയിലെ വാക്യപ്രയോഗങ്ങൾ ചമൽക്കാരഭംഗി എന്നിവ കണ്ടെത്തുന്നു പ്രയോഗിക്കുന്നു പ്രതിഭകളെ കണ്ടെത്തുന്നു ഭാഷാശേഷി വികസിപ്പിക്കുന്നു |
| 7 | മൂല്യനിർണ്ണയങ്ങൾ - മാസപ്പരീക്ഷ, മിഡ്-പരീക്ഷ, ഒന്നാം ടേം പരീക്ഷ രണ്ടാം മിഡ് ടേം പരീക്ഷ, രണ്ടാം ടേം പരീക്ഷ വാർഷിക മൂല്യനിർണ്ണയം, ക്ലാസ് പി.ടി.എ. | മലയാള അധ്യാപിക BRC, എച്ച് എം,SSK,PTA | ജൂൺ മാർച്ച് | പരീക്ഷാ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു |
| 8 | ചുമർപത്രിക വായന കാർഡ് കൊളാഷ് സ്കൂൾ പത്രം എന്നിവ തയ്യാറാക്കുന്നു | മലയാള അധ്യാപിക BRC, എച്ച് എം | ജൂൺ മാർച്ച് | കുട്ടികളുടെ വിവിധ രചനകളിലൂടെ വിവിധ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു പ്രതിഭകളെ വളർത്തിയെടുക്കുന്നു |
| 9 | സാഹിത്യകാരെ ക്ഷണിക്കുന്നു സ്കൂൾ ബ്ലോഗിലൂടെ വിവിധ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു | മലയാള അധ്യാപിക BRC, എച്ച് എം | ജൂൺ മാർച്ച് | പഞ്ചായത്ത് ഭരണസമിതിയുടെ സഹകരണത്തോടെ സാഹിത്യകാരന്മാരെ ക്ഷണിക്കുകയും കുട്ടികളുടെ രചനകൾ സ്കൂൾ ബ്ലോഗിലൂടെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു |

# സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | വിശകലനം, മികവുകളും പരിമിതികളും കണ്ടെത്തുന്നു. ICT സാധ്യത പ്രയോജനപ്പെടു ത്തുന്നു. പഠന പിൻതുണ നൽകുന്നു. | ബി.ആർ.സി., എസ്.എസ്. കെ. എച്ച്.എം. അധ്യാപകൻ | ജൂൺ | കുട്ടികളിൽ സാമൂഹ്യ ജീവിത അവബോധം വളരുന്നു. |
| 2 | ജനാധിപത്യ ബോധം വളരുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂൾപാർലമെന്റ്, മോക്ക് പാർലമെന്റ് ലഹരി വിരുദ്ധ ബോധവൽക്കരണം ക്ലബ്ബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകൻ എച്ച്.എം, BRC | ജൂലൈ | പ്രാദേശിക ചരിത്രം, ഇന്ത്യ ചരിത്രം എന്നിവ കണ്ടെത്തുന്നു. വിവിധ ക്ലബ് പ്രവർത്തന ങ്ങളിൽ സജീവമായി പങ്കെ ടുക്കുന്നു. |
| 3 | പഠനപിന്നോക്കം നിരിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. സെമിനാർ അസൈൻമെന്റ് പ്രൊജക്ട്, ക്വിസ്, വർക്കിംഗ് | അധ്യാപകൻ, എച്ച്.എം, PTA | ജൂൺ നവംബർ | വിവിധ മത്സരങ്ങളിൽ പങ്കാളികളാകുന്നു നിയമപാഠങ്ങൾ അറിയുന്നു |
| 4 | മ്യൂസിയം, ലബോറട്ടറി, മഹാന്മാരുടെ ജീവചരിത്ര വാനനിരീക്ഷണ കേന്ദ്രം, GK ക്ലബ് | അധ്യാപകൻ, എച്ച്.എം.BR C,SSK,PTA | ജൂൺ മാർച്ച് | ക്ലാസ് അടിസ്ഥാനത്തിൽ സാമൂഹ്യശാസ്ത്ര വിഷയത്തിൽ അടിസ്ഥാനശേഷികൾ വികസിക്കുന്നു |
| 5 | മൂല്യനിർണയങ്ങൾ, മാസ പരീക്ഷ, മിഡ് ടെം പരീക്ഷ.ഒന്നാം ടെം പരീക്ഷ, രണ്ടാം മിഡ് ടെം പരീക്ഷ . രണ്ടാം ടെം പരീക്ഷ, വാർഷിക മൂല്യനിർണയം, പിടിഎ | സാമൂഹ്യശാസ്ത്ര അധ്യാപകൻ, എച്ച്.എം.BR C,SSK,PTA | ജൂൺ മാർച്ച് | പരിശീലന പരീക്ഷകളിലൂടെ മികവ് കണ്ടെത്തുന്നു, പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു |

# ഗണിതം

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | പഠനനില കണ്ടെത്തൽ പ്രീ ടെസ്റ്റ് മാർക്ക് വിശകലനം മികവുകളും പരിമിതികളും കണ്ടെത്തുന്നു ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു പിന്തുണ നൽകുന്നു | ഗണിത അധ്യാപിക<br>ബി ആർ സി<br>എച്ച് എം | ജൂൺ | കുട്ടികളിൽ ഗണിതക്രിയകൾ സ്വായത്തമാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നു |
| 2 | ഗണിത പഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പാക്കേജ് തയ്യാറാക്കുന്നു | ഗണിത അധ്യാപിക<br>PTA, എച്ച് എം | ജൂലൈ | ചതുഷ്ക്രിയകൾ സ്വായത്തമാക്കുന്നു ഗണിത പഠനം ആസ്വാദ്യകരമാക്കുന്നു |
| 3 | പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു ഗണിത ക്വിസ് പസ്സിൽ ഗെയിംസ് ക്ലബ് പ്രവർത്തനങ്ങൾ അസൈൻമെന്റ് പ്രോജക്ട് സ്റ്റിൽ മോഡൽ | ഗണിത അധ്യാപിക<br>PTA, എച്ച് എം | ജൂൺ<br>നവംബർ | വിവിധ മത്സരങ്ങളിൽ പങ്കാളികളാകുന്നു പ്രതിഭകൾ ആകുന്നു |
| 4 | ഗണിത ലാബ് ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രം മാത്സ് കിറ്റ്,വർക്ക് ഷീറ്റ്, ശില്പശാല മാഗസിൻ | ഗണിത അധ്യാപിക<br>ബി ആർ സി ,PTA | ജൂൺ<br>മാർച്ച് | ക്ലാസ് അടിസ്ഥാനത്തിൽ ഗണിതശേഷികൾ വികസിപ്പിക്കുന്നു |
| 5 | മൂല്യനിർണയങ്ങൾ, മാസ പരീക്ഷ, മിഡ് ടെം പരീക്ഷ.ഒന്നാം ടെം പരീക്ഷ, രണ്ടാം മിഡ് ടെം പരീക്ഷ . രണ്ടാം ടെം പരീക്ഷ, വാർഷിക മൂല്യനിർണയം, പിടിഎ | ഗണിത അധ്യാപിക<br>ബി ആർ സി<br>എച്ച് എം | ജൂൺ<br>മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു. |

# സയൻസ്

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം.<br>ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു.പഠനനില കണ്ടെത്തിൽ പ്രീ ടെസ്റ്റ് മാർക്ക് വിശകലനം മികവുകളും പരിമിതികളും കണ്ടെത്തുന്നു ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു പഠന പിന്തുണ നൽകുന്നു | സയൻസ് അധ്യാപിക. ബി ആർ സി എസ് എസ് കെ എച്ച് എം | ജൂൺ | ശാസ്ത്ര വിഷയങ്ങൾ ഓരോന്നും ആഴത്തിൽ പരീക്ഷണം നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്നു.<br>ആശയ സമർപ്പണത്തിനായി 5 ഗ്രൂപ്പുകൾ |
| 2 | പരീക്ഷണങ്ങൾ ചർച്ചകൾ വർക്ക് ഷീറ്റ് പൂർത്തീകരണം എന്നിവയിലൂടെ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു നിരീക്ഷണ പാടവം വിലയിരുത്തുന്നു | സയൻസ് അധ്യാപിക ബി ആർ സി എച്ച് എം | ജൂലൈ | YIP രജിസ്ട്രേഷൻ* ( പുതിയ ആശയങ്ങൾ കുട്ടികളിൽ നിന്ന് ശേഖരിക്കുകയും 35 കുട്ടികളെ YIP യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു).<br>കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നു ശാസ്ത്ര വിഷയങ്ങൾ തിരിച്ചറിയുന്നു |
| 3 | പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു സെമിനാർ അസൈൻമെന്റ് പ്രോജക്ട് ക്വിസ് വർക്കിംഗ് മോഡൽ സ്റ്റിൽ മോഡൽ ക്ലബ് പ്രവർത്തനങ്ങൾ | സയൻസ് അധ്യാപിക ബി ആർ സി എച്ച് എം | ജൂൺ നവംബർ | ശാസ്ത്ര ആഭിമുഖ്യം ജനിപ്പിക്കുകയും വളർത്തുകയും വിവിധ മത്സരങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നു<br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികളുണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു |

| | | | | |
|---|---|---|---|---|
| 4 | എക്സ്പിരിമെന്റൽ കിറ്റ്, ഔഷധസസ്യത്തോട്ടം, ലഹരി വിരുദ്ധ ബോധവൽക്കരണം ജൈവ പച്ചക്കറിത്തോട്ടം. ദിനാചരണം. കുട്ടികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി അയൺ ഫോളിക് ആസിഡ് ഗുളികകളുടെ ആഴ്ചയിലെ കൃത്യമായ വിതരണം. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | സയൻസ് അധ്യാപിക<br>ബി ആർ സി<br>എച്ച് എം | ജൂൺ-മാർച്ച് | ക്ലാസ് അടിസ്ഥാനത്തിൽ ശാസ്ത്ര വിഷയങ്ങൾ മനസ്സിലാക്കുന്നു.<br>കുട്ടികളുടെ ആരോഗ്യ മേഖലയിലെ മേൽനോട്ടം.<br>പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടത്തലുകളും പരിചയപ്പെടുന്നു.<br>NMMS സ്കോളർഷിപ്പിനായി തയ്യാറെടുക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയങ്ങൾ പ്രത്യേകമായ ക്ലാസുകൾ |
| 5 | മൂല്യനിർണയങ്ങൾ, മാസ പരീക്ഷ, മിഡ് ടെം പരീക്ഷ.<br>ഒന്നാം ടെം പരീക്ഷ, രണ്ടാം മിഡ് ടെം പരീക്ഷ . രണ്ടാം ടെം പരീക്ഷ, വാർഷിക മൂല്യനിർണയം, പിടിഎ | സയൻസ് അധ്യാപിക.<br>ബി ആർ സി<br>എസ് എസ് കെ<br>എച്ച് എം | ജൂൺ-മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു |

# പ്രവർത്തി പരിചയം

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | കുട്ടികളുടെ പ്രവർത്തിപരിചിയാവിരുജി പരിശോധിക്കുന്നു വളർത്തിയെടുക്കുന്നു പ്രവർത്തി പരിചയ ക്ലബ്ബ് രൂപീകരണം | അധ്യാപിക.<br>ബി ആർ സി<br>PTA<br>എച്ച് എം | ജൂൺ | കുട്ടികൾ പ്രവർത്തി പരിചയ കഴിവുകൾ നേടുന്നു കുട്ടികളുടെ സർഗാത്മക ശേഷി വികസിക്കുന്നു |
| 2 | ജില്ലാതല മത്സരങ്ങളിലേക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നു വിവിധ മത്സരങ്ങളിൽ പരിശീലിപ്പിക്കുന്നു<br>പ്രവർത്തി പരിചയ മത്സരങ്ങളിൽ പ്രതിഭകളായ വിദ്യാർഥികൾക്ക് സ്കൂളുകളും ജില്ലാതലം സംസ്ഥാനതല എന്നീ ക്രമത്തിൽ പ്രത്യേക പരിശീലനം ഐസിടി സാധ്യതയോടെ നൽകുന്നു | അധ്യാപിക.<br>PTA<br>എച്ച് എം | ജൂലൈ | പ്രവർത്തിപരിചയം മത്സരങ്ങളിൽ പങ്കാളികളാകുന്നു മത്സരവിജയം നേടുന്നു |
| 3 | മൂല്യനിർണയങ്ങൾ, മാസ പരീക്ഷ, മിഡ് ടെം പരീക്ഷ.<br>ഒന്നാം ടെം പരീക്ഷ, രണ്ടാം മിഡ് ടെം പരീക്ഷ . രണ്ടാം ടെം പരീക്ഷ, വാർഷിക മൂല്യനിർണയം, പിടിഎ | അധ്യാപിക.<br>ബി ആർ സി<br>PTA<br>എച്ച് എം | ജൂൺ-മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു |

| | | | | |
|---|---|---|---|---|
| | | | | |

# കലാ വിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രവർത്തനം | നടത്തിപ്പ് ചുമതല | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|---|
| 1 | കുട്ടികളുടെ കലാഭിരുചി പരിശോധിക്കുന്നു, വളർത്തിയെടുക്കുന്നു.കലാക്ലബ് രൂപീകരണം,വിദ്യാരംഗം കലാസാഹിത്യ വേദി | കലാ ക്ലബ്ബ് കൺവീനർ<br>ബി ആർ സി<br>PTA<br>എച്ച് എം | ജൂൺ | കുട്ടികൾ കലാപരമായ കഴിവ് വളരുന്നു മാനസിക ഉല്ലാസം നേടുന്നു |
| 2 | ജില്ലാതല മത്സരങ്ങളിലേക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നു വിവിധ മത്സരങ്ങളിൽ പരിശീലിപ്പിക്കുന്നു | കലാ ക്ലബ്ബ് കൺവീനർ<br>PTA<br>എച്ച് എം | ജൂലൈ | കുട്ടികൾ കലാപരമായ കഴിവ് വളരുന്നു മാനസിക ഉല്ലാസം നേടുന്നു |
| 3 | മൂല്യനിർണയങ്ങൾ, മാസ പരീക്ഷ, മിഡ് ടെം പരീക്ഷ.<br>ഒന്നാം ടെം പരീക്ഷ, രണ്ടാം മിഡ് ടെം പരീക്ഷ . രണ്ടാം ടെം പരീക്ഷ, വാർഷിക മൂല്യനിർണയം, പിടിഎ | കലാ ക്ലബ്ബ് കൺവീനർ<br>ബി ആർ സി PTA<br>എച്ച് എം | ജൂൺ-മാർച്ച് | പരീക്ഷ പരിശീലനങ്ങളിലൂടെ മികവ് കണ്ടെത്തുന്നു. പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നു |